"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവ്വീസസ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - ആരോഗ്യ വകുപ്പിൽ പബ്ലിക്ക് ഹെൽത്ത് നേഴ്സ് തസ്തികയിൽ ജോലി ചെയ്തു വരവെ മരണപ്പെട്ട വിജയകുമാരി കെ.-യുടെ മകൻ ശ്രീ.ഷിബിൽ റ്റി-യ്ക്ക് ക്ലർക്ക് തസ്തികയിൽ നിയമന അനുമതി നല്കിയ ഉത്തരവ് റദ്ദ് ചെയ്തും പകരം തസ്തിക മാറ്റം വഴി അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.237/2026/H&FWD തീയതി,തിരുവനന്തപുരം, 18-08-2026

---

പരാമർശം:-

1. സ.ഉ. (അച്ചടി) നം. 45/91/ഉഭപവ തീയതി 30.12.1991
2. സ.ഉ. (അച്ചടി) നം. 12/99/ഉഭപവ തീയതി 24. 05.1999
3. സ.ഉ. (അച്ചടി) നം. 33/2014/ഉ.ഭ.പ.വ തീയതി 26. 09.2014.
4. സ,ഉ.(കൈ) നം.5/2018/ഉ.ഭ.പ.വ. തീയതി 21/01/2018
5. സ.ഉ. (കൈ) നം.12./2021/ഉ.ഭ.പ.വ. തീയതി 07/06/2021
6. സ.ഉ. (കൈ) നം.92/2021/ആ.കു.വ തീയതി 09.06.2021.
7. സ.ഉ. (കൈ) നം.3//2023/ഉ.ഭ.പ.വ തീയതി 10/01/2023
8. സ.ഉ. (അച്ചടി) നം. 12/2023/ഉ.ഭ.പ.വ. തിയതി 14/07/2023
9. സ.ഉ. (അച്ചടി) നം. 21/2023/ഉ.ഭ.പ.വ. തീയതി 09/11/2023
10. ശ്രീ.ഷിബിൽ റ്റി. സമർപ്പിച്ച 25.09.2024 തീയതിയിലെ അപേക്ഷ.
11. സ.ഉ.(സാധാ) നം.705/2025/H&FWD തീയതി, 07/03/2025
12. സ.ഉ. (അച്ചടി) നം.4/2025/ഉ.ഭ.പ.വ, തിയതി 29/03/2025
13. പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന്റെ 07/03/2026 തീയതിയിലെ എസ്. ഡി/8/2026-ജി.എ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യവകുപ്പിൽ കോഴിക്കോട് ജില്ലയിൽ കൊളത്തൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ, പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ ജോലി ചെയ്തു വരവെ മരണപ്പെട്ട വിജയകുമാരി കെ-യുടെ മകൻ ശ്രീ.ഷിബിൽ റ്റി. -ക്ക്

ആശ്രിത നിയമന പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റിൽ നിരവധി അപേക്ഷകർ ഉള്ളതിനാൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ പരാമർശം (5) പ്രകാരമുള്ള ആനുകൂല്യം ലഭ്യമാക്കി പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ ആലപ്പുഴ ജില്ലയിൽ നിയമനം ലഭ്യമാക്കണമെന്ന് അപേക്ഷിച്ച് പരാമർശം (10) പ്രകാരം ടിയാൻ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 20 പ്രകാരം, ഒരാൾ ഓപ്റ്റ് ചെയ്തിട്ടുള്ള തസ്തികയിൽ ഒഴിവുകൾ ലഭ്യമല്ലെങ്കിൽ പ്രസ്തുത വകുപ്പിലെ ഏത് സബോർഡിനേറ്റ് തസ്തികയിലും മറ്റ് വകുപ്പുകളാണെങ്കിൽ പരാമർശം (2) ഉത്തരവിന്റെ ഖണ്ഡിക 39 പ്രകാരം ക്ലാസ്സ് III, IV തസ്തികകളിൽ ബന്ധപ്പെട്ട വകുപ്പിന്റെ അഭിപ്രായം തേടിയ ശേഷവും നിയമനം നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമനത്തിനായി ശ്രീ.ഷിബിൽ റ്റി.-യെ പരിഗണിച്ചു. ശ്രീ.ഷിബിൽ റ്റി-യ്ക്ക് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേയ്ക്ക് നിയമനത്തിനായി നിഷ്കർഷിച്ചിട്ടുള്ള ശാരീരിക ക്ഷമതാ പരീക്ഷയിൽ വിജയിച്ച് നിയമനത്തിന് അർഹനായിട്ടുണ്ടെന്ന് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് ടിയാന്റെ വിവരങ്ങളടങ്ങിയ നിശ്ചിത പ്രൊഫോർമ പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന് കൈമാറി. ആശ്രിത നിയമന പദ്ധതി പ്രകാരം ആഭ്യന്തര വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ള അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ ഒരു ഒഴിവ് ശ്രീ.ഷിബിൽ റ്റി-യ്ക്ക് അനുവദിച്ചു നൽകുവാൻ പരാമർശം (13) പ്രകാരം പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. സമാശ്വാസ തൊഴിൽദാന പദ്ധതിയുമായി ബന്ധപ്പെട്ട പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 19-ലെ വ്യവസ്ഥ പ്രകാരം തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി സർക്കാർ സേവകൻ മരണപ്പെട്ട് 2 വർഷത്തിനുള്ളിലും അപേക്ഷകൻ മൈനർ ആണെങ്കിൽ മേജർ ആയി 3 വർഷത്തിനകവും ആണ്. ശ്രീ.ഷിബിൽ റ്റി.-ക്ക് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി ജീവനക്കാരി മരണമടഞ്ഞ 15.10.2018 മുതൽ 2 വർഷം (14.10.2020) വരെയായിരുന്നു. 14.10.2020-ന് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി അവസാനിച്ചിരുന്നു. ടി കാലയളവിനുള്ളിൽ തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുവാൻ അപേക്ഷകന് സാധിച്ചിരുന്നില്ല. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചതിനാലും ടി തസ്തികയിൽ ഒഴിവുകളുടെ അഭാവത്തിൽ നിയമനം നീണ്ടുപോകുന്നതിനാലും അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേക്കാവശ്യമായ കായിക-ആരോഗ്യ-

ശാരീരിക ക്ഷമതാ പരീക്ഷകളിൽ വിജയിച്ചിട്ടുള്ളതും വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളതും പരിഗണിച്ച്, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് നിയമനത്തിനായി തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ 3 വർഷം 11 മാസം ഒരു ദിവസത്തെ കാലതാമസം (15.10.2020 മുതൽ ടിയാൻ തസ്തികമാറ്റ അപേക്ഷ സമർപ്പിച്ച 25.09.2024 വരെയുള്ള കാലതാമസം) പരാമർശം (11) പ്രകാരം സാധുകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4. പരാമർശം (2)-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും ഇത് സംബന്ധിച്ച് തുടർ ഉത്തരവിന്റെ അടിസ്ഥാനത്തിലും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ഷിബിൽ റ്റി -യ്ക്ക് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയ്ക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത, നിശ്ചിത ശാരീരികക്ഷമതാ യോഗ്യത എന്നിവ നേടിയിട്ടുള്ളതിനാൽ ടിയാൻ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള യോഗ്യത നേടിയിട്ടുണ്ട്. 22.09.1996-ൽ ജനിച്ച അപേക്ഷകന് ഇപ്പോൾ 29 വയസ്സ് പൂർത്തിയായിട്ടുണ്ട്. ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള പരാമർശം (2)-ലെ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും അപേക്ഷകന്റെ കാര്യത്തിൽ പാലിച്ചിട്ടുണ്ട്. ടിയാൻ തസ്തികമാറ്റ ജില്ല വ്യക്തമാക്കി അപേക്ഷ സമർപ്പിച്ചിട്ടുള്ള തീയതി 25/09/2024 ആയതിനാൽ പരാമർശം (3) ഉത്തരവ് നിഷ്കർഷിക്കും പ്രകാരം ടിയാന്റെ സാധുവായ അപേക്ഷ തീയതി 25/09/2024 ആണ്.

5. ഈ സാഹചര്യത്തിൽ, പരേതയായ പബ്ലിക്ക് ഹെൽത്ത് നഴ്സ് വിജയകുമാരി കെ-യുടെ മകൻ ശ്രീ.ഷിബിൽ റ്റി-യ്ക്ക് ആരോഗ്യ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകിക്കൊണ്ടുള്ള പരാമർശം (6) സർക്കാർ ഉത്തരവ് റദ്ദ് ചെയ്തും ടിയാന് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ പരാമർശം (13) പ്രകാരം അനുവദിച്ച് നൽകിയ ഒഴിവിൽ പരാമർശം (2), (3) സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, പരാമർശം (12) ഉത്തരവിലെ ഖണ്ഡിക XVIII-ലെ (2) പ്രകാരം സാധുവായ അപേക്ഷാ തീയതിയുടെ അടിസ്ഥാനത്തിലുള്ള സീനിയോറിറ്റി നിർണയിച്ച് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാന്റെ വയസ്സ്, യോഗ്യത, സ്വഭാവം, മുൻകാലചരിത്രം, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച ശേഷം, ചട്ടപ്രകാരമുള്ള മറ്റു നടപടികൾ പാലിച്ചുകൊണ്ട് ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസ്, ജയിൽ വകുപ്പ് യഥാവിധി നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. സംസ്ഥാന സർവ്വീസിലെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകന്റെ സമീപകാല പാസ്പോർട്ട് സൈസ് ഫോട്ടോ നിയമനാധികാരി മുമ്പാകെ അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. നിയമന ഉത്തരവിന്റെ പകർപ്പ് നിയമനാധികാരി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

6. നിയമനം ലഭിക്കുന്നത് മുതൽക്ക് പരേതയായ ജീവനക്കാരിയുടെ മാതാവ്

/ പിതാവ് / വിഭാര്യൻ എന്നിവരെ അവരുടെ ജീവിതാന്ത്യം വരെയും അവിവാഹിതരായ സഹോദരൻ, സഹോദരി എന്നിവരുണ്ടെങ്കിൽ അവരെ പ്രായപൂർത്തിയാകും വരെയും അപേക്ഷകൻ സംരക്ഷിക്കേണ്ടതാണ്. ആയത് ലംഘിക്കുന്ന പക്ഷം പരാമർശം (8) ഉത്തരവിലെ 5 (x) പ്രകാരമുള്ള നടപടികൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്.

**7.** ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷിക്കുന്ന വ്യക്തിക്ക് നിയമനത്തിനായി സൗകര്യപ്രദമായ ജില്ല തെരഞ്ഞെടുക്കുവാൻ അർഹതയുണ്ട്. ആയതിനാൽ, ടിയാന് ആലപ്പുഴ ജില്ലയിൽത്തന്നെ നിയമനം നൽകേണ്ടതാണ്. ഒരുപക്ഷേ ടിയാൻ തെരഞ്ഞെടുത്ത ജില്ലയിൽ അല്ലാതെ മറ്റൊരു ജില്ലയിൽ ആണ് നിയമനം നൽകുന്നതെങ്കിൽ, ഏറ്റവും അടുത്ത അവസരത്തിൽ തന്നെ തെരെഞ്ഞെടുത്ത ജില്ലയിലേക്ക് സീനിയോരിറ്റി നഷ്ടപ്പെടാതെ തന്നെ സ്ഥലംമാറ്റം നൽകേണ്ടതാണ്.

**8.** അപേക്ഷകൻ സമർപ്പിച്ച വിശദാംശങ്ങൾ തെറ്റാണെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുകയോ, ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചെതെന്ന് ബോധ്യമാവുകയോ ചെയ്യാൽ ടി അനുമതി ഉത്തരവ് റദ്ദ് ചെയ്യാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും. ശ്രീ.ഷിബിൽ റ്റി -യ്ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ പരേതയായ ജീവനക്കാരിയുടെ സേവന പുസ്തകത്തിലും പരേതയായ ജീവനക്കാരി അവസാനമായി ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ചേർത്ത് ഓഫീസ് തലവൻ/വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**9.** ഒരു ഉദ്യോഗസ്ഥന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ജനന തീയതിയിലെ തെറ്റു തിരുത്തുന്നത് സംബന്ധിച്ച് പരാമർശം (1)-ലെ വ്യവസ്ഥകൾ നിയമനാധികാരി പുറപ്പെടുവിക്കുന്ന നിയമന ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ശ്രീ.ഷിബിൽ റ്റി, C/o.ബീന അശോകൻ, വേലിയകത്ത് വീട്, കോമളപുരം,
മണ്ണാഞ്ചേരി, ആലപ്പുഴ-688538 (രജിസ്ട്രേഡ് തപാലിൽ)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ടിയാനെ ക്ലർക്ക് തസ്തികയുടെ സീനിയോറിറ്റി പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനും പരേതയുടെ സർവീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനും)
ജില്ലാ കളക്ടർ,
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) , ആലപ്പുഴ/കോഴിക്കോട്.
മെഡിക്കൽ ഓഫീസർ , പ്രാഥമികാരോഗ്യകേന്ദ്രം, കൊളത്തൂർ, കോഴിക്കോട്.

പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്.
ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് (ജയിൽ വകുപ്പ്), പൂജപ്പുര, തിരുവനന്തപുരം-695012 (ഒഴിവ് അനുവദിച്ച് നൽകുവാൻ നിയമനാധികാരിക്ക് നിർദേശം നൽകുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / കാര്യാലയ പകർപ്പ് (സി1/204/2024-HEALTH)

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ-ദേവസ്വം വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.